ഏഴാം പദ്ധതിക്കാലത്തുണ്ടാകുന്ന ഭീമമായ നോൺപ്ലാൻ കമ്മി, ഓവർ ഡ്രാഫ്റ്റിനെതിരെ കേന്ദ്രം സ്വീകരിച്ച കർശനമായ നിലപാട് എന്നീ പ്രതികൂല സാഹചര്യങ്ങളുടെ പത്മവ്യൂഹത്തിലകപ്പെട്ടുനിന്ന സാമ്പത്തിക സ്ഥിതിയുടെ ചിത്രമാണ് ഞാൻ ഈ സഭ മുൻപാകെ അവതരിപ്പിച്ചത്.

72. നമ്മേക്കാൾ സമ്പന്നരായ സംസ്ഥാനങ്ങളെപ്പോലും നിർവീര്യരാക്കാൻപോന്ന അത്തരമൊരു ചുറ്റുപാടിലും, ആത്മവിശ്വാസം കൈവിടാതെ വികസനപ്രവർത്തനങ്ങളുടെ വേഗത അൽപ്പവും കുറയ്ക്കാതെ മുന്നോട്ടുപോകുമെന്ന വാഗ്ദാനവും നാം നൽകിയിരുന്നു. ആ വാഗ്ദാനം പൂർണ്ണമായിത്തന്നെ നിറവേറ്റുവാൻ ഗവൺമെൻറിനു കഴിഞ്ഞു എന്ന് ബഹുമാന്യരായ സഭാംഗങ്ങളെ അറിയിക്കുവാൻ എനിക്ക് സീമാതീതമായ അഭിമാനമുണ്ട്. അതോടൊപ്പം ആ വാഗ്ദാന സാഫല്യത്തിനു പിന്നിലുള്ള തീവ്രമായ യത്നത്തിന്റെ ഒരു ലഘു വിവരണം സഭയ്ക്കു നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1984-85-ലെ പുരോഗതി, കണക്കുകൾ :

73. 1984-85 അവസാനം 297 കോടി രൂപ കമ്മിയുണ്ടാകുമെന്ന് കേന്ദ്രത്തിലെയും നമ്മുടെയും ഉദ്യോഗസ്ഥൻമാർ കണക്കാക്കിയിരുന്നെങ്കിലും 92 കോടി രൂപയുടെ കുറവ് കമ്മിയിൽ വരുത്തുവാൻ കഴിഞ്ഞുവെന്ന് നേരത്തെ വ്യക്തമാക്കിയല്ലോ. വികസനച്ചെലവോ മറ്റേതെങ്കിലും പ്രധാനപ്പെട്ട ബാദ്ധ്യതകളോ ഒഴിവാക്കിയല്ല ഇതു ചെയ്തത്. ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി എന്നതു ശരിയാണ്. പക്ഷേ, പ്രധാന ചെലവിനങ്ങളെയെല്ലാം ആ നിയന്ത്രണങ്ങളിൽനിന്ന് ഒഴിവാക്കിയിരുന്നു. 1984-85-ലെ വാർഷിക പദ്ധതിച്ചെലവും പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ചതിനേക്കാൾ 56 കോടി രൂപ അധികമായിരുന്നു. അങ്ങനെ വാർഷിക പദ്ധതിയിലോ അതുപോലെ സുപ്രധാന ചെലവിനങ്ങളിലോ യാതൊരു കുറവും വരുത്താതെയാണ് കഴിഞ്ഞവർഷത്തെ കമ്മിയിൽ 92 കോടി രൂപയുടെ കുറവു വരുത്തിയത്.

1985-86-ലെ ബാദ്ധ്യതകൾ, പ്രശ്നങ്ങൾ :

74. ഏഴാം പദ്ധതിയുടെ ആദ്യവർഷമായ 1985-86-ലെ പദ്ധതി പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച സമയത്ത് ആറാം പദ്ധതി കമ്മിയെപ്പറ്റി ഒരു ധാരണയുണ്ടായി. കമ്മിയിലെ ഓവർ ഡ്രാഫ്റ്റ് സംഖ്യയായ 175 കോടി രൂപയുടെ 10 ശതമാനം വരുന്ന 17½ കോടി രൂപ നാം 1985-86-ൽ റിസർവ് ബാങ്കിന് തിരിച്ചടയ്ക്കണമെന്നും ; ബാക്കിതുക ഏഴാം പദ്ധതിക്കാലത്തുതന്നെ വാർഷിക തവണകളായി അടച്ചുതീർത്താൽ മതി എന്നുമായിരുന്നു ആ ധാരണ. നമ്മേപ്പോലെ 1984-85-ൽ കമ്മിയുണ്ടായിരുന്ന എല്ലാ സംസ്ഥാനങ്ങളോടും ഈ സമീപനം തന്നെയാണ് പ്ലാനിംഗ് കമ്മീഷൻ സ്വീകരിച്ചത്. അങ്ങനെ ഈ വർഷത്തെ പദ്ധതി നിർവഹണം തുടങ്ങിയപ്പോൾ 372.5 കോടി രൂപ കണ്ടെത്തുക എന്ന ഉത്തരവാദിത്വം നാം ഏറ്റെടുത്തു—അതായത് കേന്ദ്ര സഹായവും കടം എടുപ്പുംപ്പെട്ടെയുള്ള നമ്മുടെ വിഭവ രൂപീകരണവും ചേർത്ത് 355 കോടി രൂപയുടെ പദ്ധതി നടപ്പാക്കുകയും റിസർവ് ബാങ്കിന് 17½ കോടി രൂപ തിരിച്ചടയ്ക്കുകയും ചെയ്യുക എന്ന ഉത്തരവാദിത്വം. എന്നാൽ പദ്ധതി അംഗീകരിച്ചതിനു ശേഷം കേന്ദ്ര ഗവൺമെൻറ് ഇക്കാര്യത്തിൽ പ്രധാനപ്പെട്ട ഒരു മാറ്റം വരുത്തി. ആറാം പദ്ധതിയുടെ അവസാനമുള്ള ഓവർ ഡ്രാഫ്റ്റ് ഏഴാം പദ്ധതിക്കാലത്ത് തവണകളായി അടച്ചുതീർത്താൽമതി എന്നതിനു

LIBRARY ARCHIVES Kerala Legislative Assembly